പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6117** **10-07-2012 - ലെ മറുപടിയ്ക്ക്**

**ആഗോള പൈതൃക കാർഷിക മേഖല**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. ദാസൻ | | ശ്രീ. കെ.പി.മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) | ആഗോള പൈതൃക കാർഷിക മേഖലയായി സംസ്ഥാനത്ത് പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങൾ ഏതെല്ലാമാണ് ; | (എ) | സംസ്ഥാനത്തെ ഒരു പ്രദേശത്തെയും ആഗോള പൈതൃക കാർഷിക മേഖലയായി പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ Food and Agricultural Organization സമുദ്രനിരപ്പിൽ നിന്നും താഴെ സ്ഥിതി ചെയ്യുന്ന പാരമ്പര്യ കാർഷിക മേഖലയായ കുട്ടനാടിനെ ആഗോള കാർഷിക മേഖലയായി തിരഞ്ഞെടുത്തതായി ഡോ. എം.എസ്.സ്വാമിനാഥൻ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച പ്രഖ്യാപനം ആയിട്ടില്ല. |
| (ബി) | ഇത്തരം പ്രദേശങ്ങളെ സംരക്ഷിക്കാൻ/വികസിപ്പിക്കാൻ 12-ാം പദ്ധതിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ് ; | (ബി) | ആഗോള പൈതൃക കാർഷിക മേഖലയായ കുട്ടനാടിന്റെ ഹബ്ബ് ആയി ഹരിപ്പാടിനെ ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | 12-ാം പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ കാർഷിക മേഖലയ്ക്കുള്ള വിഹിതം കുറയ്ക്കാനുള്ള നിർദ്ദേശം ഇത്തരം പൈതൃക പാക്കേജുകളുടെ വികസനത്തിനെ എപ്രകാരം ബാധിക്കുമെന്ന് അറിയിക്കുമോ ? | (സി) | കാർഷിക മേഖലയ്ക്ക് വിഹിതം കുറച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**